# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4086 — 24.08.2017 ൽ മറുപടിയ്ക്ക്

## പാൻമസാലയുടെ ഉപയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഉൾപ്പെടെ പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്കാരത്തിന്റെ സ്വാധീനം ഇതിന് ഇടയാക്കിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പാൻമസാലയുടെ ഉപയോഗം കൂടുതലായതിനാൽ സംസ്ഥാനത്ത് പാൻമസാലയുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിന് ഉത്തരേന്ത്യൻ സംസ്കാരത്തിന്റെ സ്വാധീനം ഒരു കാരണമായി കരുതുന്നു. |
| (ബി) | പാൻമസാലയുടെയും സമാനമായ മറ്റ് ലഹരി വസ്തുക്കളുടെയും നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | 20/09/2014 തീയതിയിലെ ജി.ഒ.(പി)നം. 155/2014/റ്റി.ഡി., 27/12/2016 തീയതിയിലെ ജി.ഒ.(പി)നം. 112/2016/റ്റി.ഡി. സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | കോട്പ നിയമപ്രകാരം എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് ഈ വിഷയത്തിൽ സ്വീകരിച്ചു വരുന്നത്; കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഈ നിയമപ്രകാരം എത്ര കേസുകൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 20/09/2014 തീയതിയിലെ ജി.ഒ.(പി)നം. 155/2014/റ്റി.ഡി., 27/12/2016 തീയതിയിലെ ജി.ഒ.(പി)നം. 112/2016/റ്റി.ഡി. സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമം 4, 6, 12, 13, 28 വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള റാങ്കിലുള്ള ഓഫീസർമാരെ അധികാരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് പ്രസ്തുത വകുപ്പുകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമപ്രകാരം കഴിഞ്ഞ 6 മാസത്തിനുള്ളിൽ എക്സൈസ് വകുപ്പ് 30890 കേസുകൾ കണ്ടെടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ